**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **03-02-2026 - ൽ മറുപടിയ്ക്ക്**

**വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വയനാട് മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ നടപടികളുടെ ഭാഗമായുള്ള വയനാട് ടൗൺഷിപ്പ് പദ്ധതിയിലെ വീടുകളുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് വരുന്നു. ഇതിൽ 332 വീടുകളുടെ തറകീറലും 312 വീടുകളുടെ അടിത്തറയും, 302 വീടുകളുടെ കോൺക്രീറ്റ് ഭിത്തിയും, 290 വീടുകളുടെ വാർപ്പും ഇതിനകം പൂർത്തിയായിട്ടുണ്ട്. വീടുകളോടൊപ്പം തന്നെ അനുബന്ധ സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജല വിതരണം, സോളാർ പ്ലാൻറ്, മാലിന്യ സംസ്കരണ സംവിധാനം എന്നിവയുടെ നിർമ്മാണവും, ഒൻപതര ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ള ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ച് വരുന്നു. |
| (ബി) | ഒന്നാംഘട്ട പുനരധിവാസം ഏത് മാസത്തോട് കൂടി പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ബി) | ഒന്നാം ഘട്ടമായി ഗുണഭോക്താക്കൾക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്ന 178 വീടുകളുടെ നിർമ്മാണം 2026 ഫെബ്രുവരി മാസം തന്നെ പൂർത്തീകരിച്ചുകൊണ്ടു ഫെബ്രുവരി മാസം തന്നെ ഗുണഭോക്താക്കൾക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ